## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 2362 23-03-2012-ൽ മറുപടിക്ക്

## സ്കൂൾ കെട്ടിടങ്ങൾക്ക് വഴിയുടെ വിസ്തീർണ്ണത്തിൽ ഇളവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.പി.വിൻസെന്റ്: | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) | |
| (എ) | 1000 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള കെട്ടിടങ്ങളിലേക്ക് ഉള്ളവഴി നിയമ പ്രകാരം എത്ര മീറ്ററാണ്; | (എ) | കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം 1000 ച.മീറ്ററിലധികം ഫ്ലോർ ഏരിയ വരുന്ന ഗാർഹിക വിനിയോഗ വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് കുറഞ്ഞത് 3.6 മീറ്റർ മുതൽ 10 മീറ്റർ വരെ വീതിയുള്ള വഴിയും, മറ്റു വിനിയോഗ വിഭാഗത്തിൽപ്പെടുന്ന കെട്ടിടങ്ങൾക്ക് കുറഞ്ഞത് 5.00 മീറ്റർ മുതൽ 10 മീറ്റർ വരെ വീതിയുള്ള വഴിയും ഉണ്ടായിരിക്കണം. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ട പ്രകാരം 1000 ച.മീറ്ററിലധികം ഫ്ലോർ ഏരിയായുള്ള വിദ്യാഭ്യാസ മെഡിക്കൽ/ഹോസ്പിറ്റൽ വിനിയോഗ വിഭാഗങ്ങളിൽപ്പെട്ട കെട്ടിടങ്ങൾക്ക് നിലകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞത് 5 മീറ്റർ മുതൽ 8 മീറ്റർ വരെയും മറ്റുമുള്ളവയ്ക്ക് കുറഞ്ഞത് 3.6 മീറ്റർ മുതൽ 8 മീറ്റർ വരെയും വീതിയുള്ള വഴിയുണ്ടായിരിക്കണം. |
| (ബി) | സ്കൂൾ കെട്ടിടങ്ങൾക്ക് ഇളവ് അനുവദിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | സ്കൂൾ കെട്ടിടത്തിലേയ്ക്ക് വൺവേ സംവിധാനം ഏർപ്പെടുത്തിയാൽ രണ്ടു വഴികളുടെയും വീതി ഒരു ഏകകമായി പരിഗണിച്ച് നിർമ്മാണ അനുമതി നൽകുന്ന വിധം നിയമങ്ങൾ പരിഷ്ക്കരിക്കുമോ; വിശദമാക്കുമോ? | (സി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ആഫീസർ